2024
AUGUST
12
MONDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper
www.societytodaynews.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## അദാനി ഗ്രൂപ്പിന്റെ ഷെൽ കമ്പനികളിൽ നിക്ഷേപം
## മാധവി ബുച്ചിനും ഭർത്താവിനുമെതിരെ ഹിൻഡൻബർഗ് റിപ്പോർട്ട്

**ന്യൂഡൽഹി:** സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) ചെയർപേഴ്സൻ മാധവി പുരി ബുച്ചിനെതിരെ ഹിൻഡൻബർഗ് റിപ്പോർട്ട്. അദാനി ഗ്രൂപ്പിന്റെ രഹസ്യവിദേശ സ്ഥാപനങ്ങളുമായി മാധവി ബുച്ചിനും ഭർത്താവിനും ബന്ധമുണ്ടെന്നാണ് ഹിൻഡൻബർഗിന്റെ വ്യാജ ആരോപണം. അദാനി ഗ്രൂപ്പിന്റെ ഷെൽ കമ്പനികളിൽ ഇവർക്ക് നിക്ഷേപമുണ്ടെന്നും യുഎസ് നിക്ഷേപഗവേഷണ സ്ഥാപനമായ ഹിഡൻബർഗ് വെളിപ്പെടുത്തുന്നു. മാധവി ബുച്ചിനും ഭർത്താവിനും മൗറീഷ്യസിലും ബർമുഡയിലും നിക്ഷേപമുണ്ടെന്നാണ് ഹിഡൻബർഗ് പുറത്തുവിട്ട രേഖകളിൽ പറയുന്നത്. എന്നാൽ ഇത് വ്യാജമായ ആരോപണമെന്ന് മാധവി ബുച്ച് വെളിപ്പെടുത്തി.

അദാനി ഗ്രൂപ്പിന് വിദേശ രാജ്യങ്ങളിൽ രഹസ്യനിക്ഷേപമുണ്ടെന്ന് ഹിൻഡൻബർഗ് കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്തിരുന്നു. പിന്നാലെ സെബി ക്ലീൻ ചിറ്റ് നൽകി. 2024 ജൂൺ 27ന് ഹിൻഡൻബർഗിന് കാരണം കാണിക്കൽ നോട്ടീസും നൽകി. ഇതിനുപിന്നാലെയാണ് ഹിൻഡൻബർഗ് പുതിയ വിവരങ്ങൾ പുറത്തുവിട്ടത്. ഇന്ത്യയ്ക്കെതിരെ വൻ വെളിപ്പെടുത്തൽ ഉടനെന്ന ഒറ്റവരി ഹിൻഡൻബർഗ് റിസർച്ച് ശനിയാഴ്ച രാവിലെ ടീറ്റ് ചെയ്തിരുന്നു. ശനിയാഴ്ച രാത്രിയോടെയാണ് രേഖകൾ പുറത്തുവിട്ടത്.

## ഹിൻഡൻബർഗ് റിപ്പോർട്ടിനെതിരെ അദാനി




**ന്യൂഡൽഹി:** ഹിൻഡൻബർഗ് റിപ്പോർട്ടിനെതിരെ ആഞ്ഞടിച്ച് അദാനി ഗ്രൂപ്പ്. ആരോപണങ്ങൾ പൂർണമായും നിഷേധിച്ച പ്രസ്താവനയിൽ വ്യക്തിഗത ലാഭം കൊയ്യുന്നതിനായി മുൻകൂട്ടി നിശ്ചയിക്കപ്പെട്ട നിഗമനങ്ങളിൽ എത്തിച്ചേരുകയാണ് ഹിൻഡൻബർഗ് ചെയ്തതെന്നും കുറ്റപ്പെടുത്തുന്നുണ്ട്.

സമഗ്രമായി അന്വേഷിക്കുകയും അടിസ്ഥാനരഹിതമാണെന്ന് തെളിയിക്കുകയും 2024 ജനുവരിയിൽ സുപ്രീംകോടതി തള്ളുകയും ചെയ്ത അപകീർത്തികരമായ വിവരങ്ങൾ വീണ്ടും ഉപയോഗിക്കുകയാണ് ഹിൻഡൻബർഗ് ചെയ്തിരിക്കുന്നത്. തങ്ങളുടെ വിദേശ സ്ഥാപനങ്ങളുടെ ഘടന പൂർണമായും സുതാര്യമാണ്. എല്ലാ വിശദാംശങ്ങളും പൊതുരേഖകളിൽ പലപ്പോഴായി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

സെബി മേധാവി മാധുബി പുരി ബുച്ചുമായോ അവരുടെ ഭർത്താവ് ധവൽ ബുചുമായോ അദാനി ഗ്രൂപ്പിന് വാണിജ്യ ബന്ധമില്ല. തങ്ങളെ അപകീർത്തിപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമമാണ് അമേരിക്കൻ കമ്പനി നടത്തുന്നതെന്നും പ്രസ്താവനയിൽ വ്യക്തമാക്കുന്നു.

# മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷ ഇന്ന് മന്ത്രിയുടെ നേതൃത്വത്തിൽ യോഗം

**ഇടുക്കി:** വയനാട് മുണ്ടക്കൈ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സമൂഹമാദ്ധ്യമങ്ങളിൽ വലിയ പ്രചാരണങ്ങൾ നടക്കുന്നതിനിടെ മുല്ലപ്പെരിയാർ സുരക്ഷ സംബന്ധിച്ച് ഇന്ന് യോഗം ചേരും. ഇടുക്കി കളക്ടറേറ്റിൽ ഇന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിലാണ് യോഗം.

ഡാം തുറക്കേണ്ടതായി വന്നാൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളും പുതിയ ഡാം എന്ന കേരളത്തിന്റെ ആവശ്യത്തിൽ കൈക്കൊള്ളേണ്ട തുടർനടപടികളും യോഗത്തിൽ ചർച്ചയാകും.മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തമുണ്ടായതിന് പിന്നാലെ ജനങ്ങൾക്കിടയിൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ആശങ്കയുണ്ടാക്കുന്ന തരത്തിൽ സമൂഹമാദ്ധ്യമങ്ങളിൽ വലിയ പ്രചാരണം നടക്കുന്നുണ്ട്. കേരളത്തിൽ നിന്നുള്ള എം.പിമാർ പാർലമെന്റിൽ മുല്ലപ്പെരിയാർ ഡാം ഡികമ്മീഷൻ ചെയ്യണം എന്ന് ആവശ്യം ഉന്നയിച്ചിരുന്നു.



ഡാം വിഷയം ചർച്ചയാകുമ്പോൾ വിഷയത്തിൽ സംസ്ഥാന, കേന്ദ്ര സർക്കാരുകൾ അടിയന്തരമായി ഇടപെടണമെന്ന ആവശ്യവുമുണ്ട്.മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ സാധുത പരിശോധിക്കാനുള്ള സുപ്രീം കോടതി തീരുമാനം ഇതിനിടെ കേരളത്തിന് പിടിവള്ളിയാകുമെന്ന പ്രതീക്ഷയുണ്ട്. ഇരുസംസ്ഥാനങ്ങളും തമ്മിൽ പതിറ്റാണ്ടുകളായി നിലനിൽക്കുന്ന തർക്കത്തിന്റെ ഭാഗമായി തമിഴ്നാട് സമർപ്പിച്ച ഹർജിയിലാണ് കേരളത്തിന് അനുകൂലമായ നടപടി.

ഡാം വിഷയം ചർച്ചയാകുമ്പോഴൊന്നും കേരളം മുൻകൈയെടുത്ത് സുപ്രീം കോടതിയെ സമീപിച്ചിരുന്നില്ല.

2006ൽ കേരളത്തിന് എതിരായ ആദ്യ സുപ്രീം കോടതി വിധിക്ക് ആധാരമായ ഹർജി പോലും മുല്ലപ്പെരിയാർ പരിസ്ഥിതി സംരക്ഷണ സമിതി എന്ന പേരിൽ സ്വകാര്യവ്യക്തികൾ നൽകിയതായിരുന്നു. വിധി തമിഴ്നാടിന് അനുകൂലമായെങ്കിലും നടപ്പായില്ല.2006 മാർച്ചിൽ കേരളം ഡാംസുരക്ഷാ നിയമം ഭേദഗതി ചെയ്തത് സുപ്രീംകോടതി വിധി മറികടക്കാനാണെന്ന വാദവുമായി തമിഴ്നാട് വീണ്ടും സുപ്രീംകോടതിയെ സമീപിച്ചു. ഈ കേസ് തീർപ്പാക്കി 2014 മേയ് 7ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ആർ.എം. ലോധ അദ്ധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് പുറപ്പെടുവിച്ച വിധിയും കേരളത്തിന് എതിരായിരുന്നു.

## പാരിസ് ഒളിംപിക്സിന് സമാപനം

**പാരിസ്:** പാരിസിലെ സ്റ്റാഡ് ദ് ഫ്രാൻസ് സ്റ്റേഡിയത്തിൽ രണ്ടര മണിക്കൂറിലേറെ നീണ്ട ആഘോഷപരിപാടികൾക്കൊടുവിൽ 2024 ഒളിംപിക്സിന് ശുഭകരമായ പര്യവസാനം. സമാപന മാർച്ച് പാസ്റ്റിൽ, ഹോക്കിയിൽ വെങ്കലം നേടിയ ഇന്ത്യൻ ടീം ഗോളി പി.ആർ. ശ്രീജേഷും ഇരട്ടവെങ്കലം നേടിയ ഷൂട്ടിങ് താരം മനു ഭാക്കറും ഇന്ത്യൻ പതാക വഹിച്ച് രാജ്യത്തിന് അഭിമാനമായി. അടുത്ത ഒളിംപിക്സിനു വേദിയാകുന്ന ലൊസാഞ്ചലസ് നഗരത്തിന്റെ മേയർ കരൻ ബാസ്, പാരിസ് മേയർ ആനി ഹിഡാൽഗോയിൽനിന്ന് ഒളിംപിക് പതാക ഏറ്റുവാങ്ങി. 2028ലാണ് യുഎസ് നഗരം അടുത്ത ഒളിംപിക്സിനു വേദിയാവുക. ഒളിംപിക്സ് ദീപം ഉയർന്നു കത്തിയ ജാർഡിൻസ് ദെസ് ടുയ്!ലെറീസിലേക്ക് ഫ്രാൻസിന്റെ നീന്തൽ താരം ലിയോൺ മെർച്ചന്റ് കടന്നുവന്നതോടെയാണു പരിപാടികൾക്കു തുടക്കമായത്. റാന്തലിൽ ദീപവും കയ്യിലേന്തിയായിരുന്നു താരത്തിന്റെ വരവ്. വിവിധ രാജ്യങ്ങളുടെ പതാകകളുമായി അത്!ലീറ്റുകൾ സ്റ്റേഡിയത്തിലേക്കു പ്രവേശിച്ചു. വനിതാ മാരത്തണിൽ വിജയിച്ച സിഫാൻ ഹസൻ (സ്വർണം), അസഫ ടിസ്റ്റ് (വെള്ളി), ഒബിരി ഹെലൻ (വെങ്കലം) എന്നിവർക്ക് വേദിയിൽവച്ച് ഐഒഎ ചീഫ് തോമസ് ബാഷ് മെഡലുകൾ നൽകി.

## രാഹുലിനെ വീണ്ടും ചോദ്യം ചെയ്യാനൊരുങ്ങി ഇ.ഡി

**ന്യൂഡൽഹി:** നാഷനൽ ഹെറാൾഡ് പത്രവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുലിനെ ചോദ്യം ചെയ്യാനൊരുങ്ങി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി). കേസുമായി ബന്ധപ്പെട്ട് രാഹുലിനെ ഉടൻ ചോദ്യം ചെയ്യാൻ വിളിപ്പിക്കുമെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കേസിൽ 751 കോടി രൂപയുടെ സ്വത്തുക്കൾ ഇ.ഡി നേരത്തെ കണ്ടുകെട്ടിയിരുന്നു. കേസുമായി ബന്ധപ്പെട്ട് 2022 ജൂണിൽ നാല് തവണയായി ഏകദേശം 40 മണിക്കൂറോളം ഇ.ഡി ഉദ്യോഗസ്ഥർ രാഹുൽ ഗാന്ധിയെ ചോദ്യം ചെയ്തിരുന്നു. കേസുമായി ബന്ധപ്പെട്ട് 2022 ജൂലൈയിൽ മൂന്നു ദിവസങ്ങളിലായി 11 മണിക്കൂറോളമാണ് സോണിയയെ ചോദ്യം ചെയ്തത്.

# ഇന്ത്യയുടെ രണ്ടാമത്തെ ആണവ അന്തർവാഹിനി അരിഘട്ട് പ്രവർത്തന സജ്ജമാകുന്നു

**ന്യൂഡൽഹി:** ഇന്ത്യയുടെ രണ്ടാമത്തെ ആണവ അന്തർവാഹിനി പ്രവർത്തന സജ്ജമാകുന്നു. വിശാഖപട്ടണത്തെ ഷിപ്പ് ബിൽഡിങ് സെന്ററിലാണ് (എസ്ബിസി) അരിഘട്ട് എന്നുപേരിട്ട അന്തർവാഹിനി നിർമിച്ചത്. ആണവ മിസൈലുകൾ അന്തർവാഹിനിയിലുണ്ടാകും. രണ്ടോ മൂന്നോ മാസത്തിനകം ആണവ അന്തർവാഹിനി കമ്മിഷൻ ചെയ്യുമെന്ന് ദേശീയമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 2018ലാണ് ഇന്ത്യയുടെ ആദ്യ അന്തർവാഹിനിയായ അരിഹന്ത് കമ്മിഷൻ ചെയ്തത്. 18 ഡീസൽ,ഇലക്ട്രിക് അന്തർവാഹിനികൾ, ആണവായുധങ്ങൾ വഹിക്കാൻ കഴി



യുന്ന നാല് ആണവ അന്തർവാഹിനികൾ, ആണവോർജത്തിൽ പ്രവർത്തിക്കുന്ന 6 അന്തർവാഹിനികൾ എന്നിവ ഇന്ത്യയ്ക്ക് ആവശ്യമുണ്ടെന്നാണ് പ്രതിരോധ വിദഗ്ധർ പറയുന്നത്. പാക്കിസ്ഥാന്റെയും ചൈനയുടെയും വെല്ലുവിളികൾ നേരിടാൻ കൂടുതൽ അന്തർവാഹിനികൾ നിർമിക്കേണ്ടതുണ്ടെന്ന് അവർ വ്യക്തമാക്കുന്നു.ചൈനയ്ക്ക് ഇപ്പോൾ 60 അന്തർവാഹിനികളുണ്ട്. കൂടുതൽ അന്തർവാഹിനികൾ നിർമിക്കാനുള്ള പ്രവർത്തനങ്ങളുമായി ചൈന മുന്നോട്ടുപോകുകയാണ്. അരിഘട്ട് വരുന്നതോടെ ഇന്ത്യയുടെ സൈനികശേഷി വലിയ രീതിയിൽ ഉയരും. ആണവായുധങ്ങൾ വഹിക്കാൻ കഴിയുന്ന മൂന്നാമത്തെ ആണവ അന്തർവാഹിനിയായ അരിധമൻ അടുത്ത വർഷം കമ്മിഷൻ ചെയ്യും.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated
MBA
MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY



വയനാട്ടിലെ ദുരന്തബാധിതരെ സഹായിക്കാൻ കെവിവിഇഎസ് എറണാകുളം ജില്ലാ കമ്മിറ്റി നടത്തുന്ന പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി കെവിവിഇഎസ് യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈക്കോടതി ജംഗ്ഷനിൽ നടത്തിയ സ്നേഹത്തിന്റെ കാപ്പിക്കടയുടെ ഉദ്ഘാടന സമ്മേളനത്തിൽ ടി.ജെ വിനോദ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തുന്നു. അബ്ദുൾ ഷുക്കൂർ, എഡ്വേർഡ് ഫോസ്റ്റസ്, പി.സി ജേക്കബ്ബ്, ശ്രീനാഥ് മംഗലത്ത്, പ്രദീപ് ജോസ്, സുരേഷ് ഗോപി, ജിമ്മി ചക്യത്ത്, സുബൈദ നാസർ തുടങ്ങിയവർ സമീപം

# സ്നേഹത്തിന്റെ കാപ്പിക്കട തുറന്ന് കെവിവിഇഎസ് യൂത്ത് വിംഗ്

**കൊച്ചി:** വയനാട്ടിലെ ദുരന്തബാധിതർക്ക് കൈത്താങ്ങാകാൻ 'സ്നേഹത്തിന്റെ കാപ്പിക്കട' തുറന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റി. എറണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ ഇന്നലെ (ആഗസ്റ്റ് 10, ശനി) ഉച്ച കഴിഞ്ഞ് രണ്ടു മുതൽ രാത്രി എട്ടു വരെ തുറന്നു പ്രവർത്തിച്ച കാപ്പിക്കട കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്തു. ടി.ജെ വിനോദ് എംഎൽഎ മുഖ്യ പ്രഭാഷണം നടത്തി.

വയനാട്ടിലെ ഉരുൾ പൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവരെ സഹായിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണെന്നും സമൂഹത്തിന്റെയാകെ പിന്തുണ വയനാടിന്റെ ഉയർത്തെഴുന്നേൽപ്പിന് അനിവാര്യമാണെന്നും ടി.ജെ വിനോദ് എംഎൽഎ പറഞ്ഞു. വയനാടിന്റെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് പി സി ജേക്കബ്ബ് പറഞ്ഞു.

യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറിയും എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റുമായ പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു.കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, കെവിവിഇഎസ് വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് സുബൈദ നാസർ, കെവിവിഇഎസ് കളമശേരി നിയോജകമണ്ഡലം പ്രസിഡന്റ് ഷാജഹാൻ അബ്ദുൾ ഖാദർ, എറണാകുളം നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, ചേരാനെല്ലൂർ യൂണിറ്റ് പ്രസിഡന്റ് അബ്ദുൾ ഷുക്കൂർ, നോർത്ത് യൂണിറ്റ് പ്രസിഡന്റ് പോൾ പെട്ട, പച്ചാളം യൂണിറ്റ് വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി ശ്രീനാഥ് മംഗലത്ത്, കെവിവിഇസ് കതൃക്കടവ് യൂണിറ്റ് പ്രസിഡന്റ് മുഹമ്മദലി, യൂത്ത് വിംഗ് തൃക്കാക്കര നിയോജകമണ്ഡലം പ്രസിഡന്റ് മുരളി, കെ.എ അനൂപ്, റഷീദ്, വി.ജംഷീർ , ടിജോ തോമസ്, പി.പി ഫൈസൽ, നടരാജ്, മോഹനൻ എളമക്കര,മാർട്ടിൻ ഇടപ്പള്ളി, ബിനു തേവര, ടെൻസൺ തേവര, ജെയിൻ ലാൽ, പ്രേം തേവര, കെ അൻസാരി തുങ്ങിയവർ സംസാരിച്ചു.




കെസിബിസി വരാപ്പുഴ അതിരൂപതാ മദ്യ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ കച്ചേരിപ്പടി ഗാന്ധി സ്ക്വയറിൽ നടത്തിയ ക്വിറ്റ് ലിക്കർ ഡേ ആചരണവും വായ്മൂടിക്കെട്ടി നിൽപ്പു സമരവും വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ ഉദ്ഘാടനം ചെയ്യുന്നു

# ക്വിറ്റ് ലിക്കർ ഡേ ആചരിച്ചു

**കൊച്ചി:** കെസിബിസി വരാപ്പുഴ അതിരൂപതാ മദ്യ വിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ക്വിറ്റ് ലിക്കർ ഡേ ആചരണവും വായ്മൂടിക്കെട്ടി നിൽപ്പു സമരവും നടത്തി. കച്ചേരിപ്പടി ഗാന്ധി സ്ക്വയറിൽ നടന്ന നിൽപ്പു സമരം വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ ഉദ്ഘാടനം ചെയ്തു. 'ലഹരി അരുത് ' എന്ന കൈപ്പുസ്തകം യുവജന പ്രതിനിധി കുമാരി ഇവാനിയ ആൻ ന് ചടങ്ങിൽ അദ്ദേഹം കൈമാറി.

മദ്യ വിരുദ്ധ സമിതി ഡയറക്ടർ ഫാ. ജോസഫ് ഷെറിൻ ചെമ്മായത്ത് അധ്യക്ഷത വഹിച്ചു.സമിതി അംഗങ്ങളായ ജെസ്സി ഷാജി, ജസ്റ്റിൻ മാളിയേക്കൽ,ഡിക്സൺ റോഡ്രിഗസ്,സെബാസ്റ്റ്യൻ വലിയപറമ്പിൽ,എം.ഡി റാഫേൽ, കെ.വി ക്ളീറ്റ്സ്, ആനിമേറ്റർ സിസ്റ്റർ ആൻ, പി എൽ ബോസ്കോ തുടങ്ങിയവർ സംസാരിച്ചു.

# വയനാട് ദുരന്തം: സൂപ്പർ ലീഗ് കേരള മത്സരങ്ങൾ പുനഃക്രമീകരിച്ചു

**കൊച്ചി:** വയനാട് ദുരന്ത പശ്ചാത്തലത്തിൽ, പ്രഥമ സൂപ്പർ ലീഗ് കേരളയുടെ മത്സരങ്ങൾ പുനഃക്രമീകരിച്ചു. സെപ്റ്റംബർ 7 ന് വൈകുന്നേരം 7:30 ന് കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രഥമ സൂപ്പർ ലീഗ് കേരളയുടെ ആദ്യ കിക്ക് ഓഫ് നടക്കും. നേരത്തെ നിശ്ചയിച്ചിരുന്നത് ഓഗസ്റ്റ് 31 ന് മത്സരങ്ങൾ ആരംഭിക്കാനായിരുന്നു.കേരളം കണ്ടിട്ടില്ലാത്തവിധമുള്ള ഒരു മഹാദുരന്തമാണ് വയനാട്ടിൽ സംഭവിച്ചത്.

ആ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെട്ട് പോയ മനുഷ്യർക്കൊപ്പം നിൽക്കുന്നതിനും അവർക്കാവശ്യമായ പിന്തുണ നൽകുന്നതിനും സൂപ്പർ ലീഗ് കേരള പ്രതിജ്ഞാബദ്ധമാണെന്ന് സൂപ്പർ ലീഗ് കേരള സി ഇ ഓ മാത്യു ജോസഫ് പറഞ്ഞു. ഇന്ത്യയിലെ പ്രമുഖ കായികതാരങ്ങൾക്കൊപ്പം കേരളത്തിൻറെ അഭിമാനതാരങ്ങളും ഉദ്ഘാടനത്തിന് സന്നിഹിതരാകും. ബോളിവുഡിലെ പ്രമുഖരുടെ പ്രകടനത്തോടെയാകും സൂപ്പർ ലീഗ് കേരളയുടെ പ്രഥമ സീസണ് തുടക്കം കുറിക്കുക.സ്റ്റാർ സ്പോർട്സ് ഫസ്റ്റിൽ മത്സരത്തിൻറെ തത്സമയ സംപ്രേക്ഷണം ഉണ്ടായിരിക്കും. ഡിസ്നി+ ഹോട്ട്സ്റ്റാറിൽ സ്ട്രീമിലും മത്സരങ്ങൾ സ്ട്രീം ചെയ്യുന്നുണ്ട്. ലീഗ് സംബന്ധിച്ചുള്ള പരിപൂർണ്ണ ഫിക്സചർ ഉടൻ പുറത്തിറങ്ങും. സൂപ്പർ ലീഗ് കേരളയുടെ ടിക്കറ്റ് വിൽപ്പന ഓൺലൈനിലും ബോക്സ് ഓഫീസിലും ഉടൻ ആരംഭിക്കുമെന്നും ഭാരവാഹികൾ അറിയിച്ചു.കേരളത്തിൽ ആദ്യമായി അരങ്ങേറുന്ന ഒരു പ്രൊഫഷണൽ ലീഗ് എന്ന നിലയിൽ ആരാധകരുടെ പ്രതീക്ഷക്കൊത്തുള്ള സംഘാടന മികവിനാണ് സൂപ്പർ ലീഗ് കേരള ഒരുങ്ങുന്നത്. കേരളത്തിലെ ഫുട്ബോളിനെ ലോകത്തിൻറെ നെറുകയിലേക്ക് ഉയർത്തുന്നതിനും നമ്മുടെ നാട്ടിലെ മികച്ച കളിക്കാരെ വാർത്തെടുത്തു അന്തർദേശീയ സൗകര്യങ്ങളോടെ പരിശീലിപ്പിക്കാനും സൂപ്പർ ലീഗ് കേരള ലക്ഷ്യമിടുന്നു.



വയനാട്ടിൽ സർക്കാർ പാക്കേജിൽ ഉൾപ്പെടുത്തി നിർമിക്കുന്ന 400 വീടുകളിലേക്കുള്ള എല്ലാ ഫർണിച്ചറുകളുംനൽകുന്നതിനുള്ള സമ്മതപത്രം ഫർണിച്ചർ നിർമാതാക്കളുടെ സംഘടനയായ ഫ്യുമ്മയുടെ സംസ്ഥാനപ്രസിഡൻറ് ടോമി പുലിക്കാട്ടിൽ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു. ഷാജി മൻഹർ, എം.എംജിസ്തി,ഷാജഹാൻ കല്ലുവരമ്പിൽ, എം.എം മുസ്തഫ എന്നിവർ സമീപം.

# ക്യാപിറ്റൽ എസ്എഫ്ബി എഡൽവൈസ് ലൈഫ് ഇൻഷുറൻസും പങ്കാളിത്തത്തിൽ

**കൊച്ചി:** സ്മോൾ ഫിനാൻസ് ബാങ്കായ ക്യാപിറ്റൽ സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡും ('ക്യാപിറ്റൽ എസ്എഫ്ബി') എഡൽവൈസ് ലൈഫ് ഇൻഷുറൻസും മുംബൈയിൽ തങ്ങളുടെ തന്ത്രപരമായ പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ സഹകരണം ക്യാപിറ്റൽ സ്മോൾ ഫിനാൻസ് ബാങ്കിന്റെ വൈവിധ്യമാർന്ന ഉപഭോക്തൃ അടിത്തറയെ എഡൽവൈസ് ലൈഫ് ഇൻഷുറൻസിന്റെ സമഗ്രമായ ലൈഫ് ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിന് പ്രാപ്തരാക്കുകയും അതുവഴി അവരുടെ സാമ്പത്തിക ഭദ്രതയെന്ന ആവശ്യകത നിറവേറ്റുകയും ചെയ്യുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കിർലോസ്കർ സോളാർ: ജിഎസ്എൽ എനർജി സൊല്യൂഷൻസ് എക്സ്ക്ലൂസീവ് പ്രോജക്ട് പാർട്ണർ

**കൊച്ചി:** 136 വർഷം പഴക്കമുള്ള കിർലോസ്കർ ഗ്രൂപ്പിന്റെ ഭാഗമായ കിർലോസ്കർ സോളാർ, കൊച്ചി ആസ്ഥാനമായുള്ള ജിഎസ്എൽ എനർജി സൊല്യൂഷൻസിനെ കേരളത്തിലെ ആറ് ജില്ലകളുടെ എക്സ്ക്ലൂസീവ് പ്രോജക്ട് പാർട്ണറായി നിയമിച്ചു.

കൊച്ചിയിൽ നടന്ന ചടങ്ങിൽ കിർലോസ്കർ സോളാറിന്റെ സൗത്ത് ജനറൽ മാനേജറും സ്മോൾ പ്രോജക്ട്സ് ആൻഡ് ഓൺലൈൻ ഇൻവെർട്ടേഴ്സ് നാഷണൽ ഹെഡുമായ സുരേഷ് സിംപ്സണും ജിഎസ്എൽ എനർജി സൊല്യൂഷൻസ് സിഇഒ ജാക്സൺ മാത്യുവും ഇതുസംബന്ധിച്ച കരാറിൽ ഒപ്പുവെച്ചു. ഈ പങ്കാളിത്തത്തിനു കീഴിൽ 202425 സാമ്പത്തിക വർഷം ഏകദേശം 25 കോടി രൂപ മൂല്യമുള്ള 5 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ സംസാരിച്ച ജാക്സൺ മാത്യു പറഞ്ഞു. എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ആറ് ജില്ലകളിൽ വാണിജ്യ, പാർപ്പിട സൗരോർജ്ജ പദ്ധതികൾ നടപ്പാക്കാനുള്ളതാണ് പങ്കാളിത്തം.

മഴയില്ലാത്തപ്പോഴെല്ലാം സൂര്യപ്രകാശമുള്ള കാലാവസ്ഥയും ലഭ്യമായ സബ്സിഡിയും കണക്കിലെടുത്ത് കേരളത്തിൽ സൗരോർജ്ജീകരണത്തിന് മികച്ച സാധ്യതകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നിലവിൽ 3 കിലോവാട്ട് മുതൽ 10കിലോവാട്ട് വരെയുള്ള ഗാർഹിക പദ്ധതികൾക്ക് 78,000 രൂപ ന്യൂ & റിന്യൂവബിൾ എനർജി മന്ത്രാലയത്തിന്റെ സബ്സിഡിലഭ്യമാണ്.അഞ്ച് വർഷത്തിനുള്ളിൽ മുതൽമുടക്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നും മികച്ച വിൽപ്പനനാന്തര സേവനം ഉറപ്പുവരുത്തിയിട്ടുണ്ടെന്നും സുരേഷ് സിംപ്സൺ പറഞ്ഞു. ബിൽഡർമാർ, ആർക്കിടെക്റ്റുകൾ, ഇന്റീരിയർ ഡിസൈനർമാർ, എംഇപി എഞ്ചിനീയർമാർ എന്നിവരുൾപ്പെടെ നൂറോളം സംരംഭകരും പ്രൊഫഷണലുകളും ചടങ്ങിൽ പങ്കെടുത്തു.

# കരൾ രോഗചികിത്സ: ഇന്ത്യ ശരിയായ ദിശയിലെന്ന് ഡോ. പാട്രിക് എസ്. കാമത്ത്



**കൊച്ചി:** ഇന്ത്യയിലെ കരൾരോഗചികിത്സാരംഗം ശരിയായ ദിശയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് അമേരിക്കയിലെ മിനസോട്ടയിലുള്ള മേയോ ക്ലിനിക്കിലെ ഡോ. പാട്രിക് എസ്. കാമത്ത്. ആഗോള മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള കരൾരോഗ നിർണ്ണയവും ചികിത്സയുമാണ് ഇന്ത്യയിലെ ഡോക്ടർമാർ പിന്തുടരുന്നത്. മാർഗം കൃത്യമാണെങ്കിലും ഇനിയുമേറെ പുരോഗതി കൈവരിക്കാനുണ്ടെന്നും വരുംവർഷങ്ങളിൽ അത് സാധ്യമാകുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ നാഷണൽ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ലിവറിന്റെ കൊച്ചിയിൽ നടക്കുന്ന മുപ്പത്തിരണ്ടാമത് വാർഷിക ശാസ്ത്രസമ്മേളനത്തിന്റെ ഭാഗമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

കരൾ രോഗം നിശബ്ദമായ ഒരു വില്ലനാണെന്നും തുടക്കത്തിൽ വർഷങ്ങളോളം ലക്ഷണങ്ങളൊന്നും പുറമെ കാണിക്കില്ലെന്നും അദ്ദേഹം ഓർമപ്പെടുത്തി. വർഷങ്ങളോളം തുടർച്ചയായി കരളിന് ക്ഷതമേൽക്കുമ്പോഴാണ് ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്. സിറോസിസ് എന്ന ഘട്ടത്തിലെത്തിക്കഴിഞ്ഞാൽ സ്വയം ഭേദമാകാനുള്ള കരളിന്റെ ശേഷി നഷ്ടമാകും. കരൾ മാറ്റിവെക്കാൻ രോഗി നിർബന്ധിതമാകുകയും ചെയ്യും. ഇതൊഴിവാക്കാൻ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഡോ. കാമത്ത് മുന്നോട്ട് വെയ്ക്കുന്നത് ഒന്ന്, ശരീരഭാരം കുറയ്ക്കണം. രണ്ട്, മദ്യപാനം പൂർണമായും നിർത്തണം. കരളിനെ ബാധിക്കുന്ന വൈറൽ രോഗങ്ങൾക്ക് കൃത്യമായ ചികിത്സയും നിയന്ത്രണവും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

## സ്രാങ്കുമാർക്ക് പരിശീലനം

**കൊച്ചി:** 202425 സാമ്പത്തിക വർഷം എറണാകുളം ജില്ലയിൽ മത്സ്യബന്ധന യാനങ്ങളിൽ പണിയെടുക്കുന്ന സ്രാങ്കുമാർക്ക് കൊച്ചി ഇകഎചളഠൽ പരിശീലനം നൽകുന്നു. മത്സ്യബന്ധനയാനങ്ങളിൽ പണിയെടുക്കുന്ന 18 നും 55 നും ഇടയിൽ പ്രായമുള്ള 8 ക്ലാസ് വരെയെങ്കിലും പഠിച്ചിട്ടുള്ള സ്രാങ്കുമാർക്ക് അപേക്ഷിക്കാം. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യബന്ധന യാനങ്ങളിൽസ്രാങ്ക് /എഞ്ചിൻ ഡ്രൈവറായി 2 വർഷത്തെയോ അല്ലെങ്കിൽ ഡെക്ക് ഹാൻഡ് ആയി 5 വർഷത്തെയോ പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. താൽപ്പര്യമുള്ളവർ വെള്ള പേപ്പറിൽ അപേക്ഷ തയ്യാറാക്കി അതത് മത്സ്യഭവനുകളിൽ 21 നകം സമർപ്പിക്കേണ്ടതാണ്. ഫോൺ നമ്പർ 04842394476

### കെ എം എ ലീഡർ ഇൻസൈറ്റ് പ്രഭാഷണം സംഘടിപ്പിച്ചു

# സമ്പദ്‌വ്യവസ്ഥ ബാലൻസ് ചെയ്യേണ്ടത് അനിവാര്യം

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ എം എ) ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെഭാഗമായി 'ഇന്നത്തെ ലോകത്ത് പൊതുമേഖലയുടെ പ്രാധാന്യം എന്ന വിഷയത്തിൽ കേരള സർക്കാർ പബ്ലിക്സെക്റ്റർ ട്രാൻസ്ഫർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ കെ. അജിത്കുമാർ പ്രഭാഷണം നടത്തി. ഇന്ദിരാഗാന്ധി നടപ്പാക്കിയ ബാങ്ക് ദേശസാത്കരണം പൊതുമേഖലാ ശാക്തീകരണത്തിനായുള്ള നിർണായകചുവട്‌വെയ്പ്പായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.




സമ്പത്ത് ധാരാളമായി ഏതാനും സ്വകാര്യ വ്യക്തികളിലേക്ക്കേന്ദ്രീകരിക്കുന്ന സാഹചര്യത്തിലാണ് പൊതുമേഖല ശക്തിപ്പെടുത്തുന്നതിലേക്ക് രാജ്യം എത്തിയത്. സ്വകാര്യനിക്ഷേപങ്ങൾ ലാഭം മാത്രം പ്രതീക്ഷിക്കുമ്പോൾ പൊതുമേഖലാ സേവനത്തിനാണ് മുൻഗണന നൽകുന്നത്. ഇത്തരത്തിൽ സമ്പദ് വ്യവസ്ഥ ബാലൻസ് ചെയ്ത് പോകേണ്ടത് രാജ്യത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്. അടിസ്ഥാന സൗകര്യ വികസനം, വലിയ നിക്ഷേപം ആവശ്യമുള്ള പദ്ധതികൾ എന്നിവിടങ്ങളിലെല്ലാംപൊതുമേഖലയുടെ സാന്നിധ്യം അനിവാര്യമാണ്. രാജ്യത്തുടനീളം റോഡ് കണക്റ്റിവിറ്റിയടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാണ് പ്രാധാന്യം നൽകുന്നത്.

വിപണിയിൽ പിടിച്ചു നിൽക്കാൻ മത്സരബുദ്ധിയോടെമുന്നോട്ട് പോയാലേ പൊതുമേഖലയ്ക്ക് നിലനിൽപ്പുള്ളൂ. സാഹചര്യങ്ങൾക്കനുസരിച്ച് മാറാൻ നാംതയാറാകണമെന്നും അദ്ദേഹം പറഞ്ഞു. കോവിഡ് മഹാമാരി ഏറ്റവും നന്നായി കൈകാര്യം ചെയ്തത്കേരളമാണ്. വിലനിയന്ത്രണം നടപ്പാക്കാൻ കഴിഞ്ഞതാണ് ഇന്ത്യക്ക് നേട്ടമായത്. ഇതിൽ പൊതുമേഖലയുടെസംഭാവന വളരെ വലുതാണെന്നും അജിത്കുമാർ ഓർമ്മിപ്പിച്ചു. കെ എം എ സീനിയർ വൈസ് പ്രസിഡൻറ് കെ.ഹരികുമാർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ്അൽജിയേഴ്സ് ഖാലിദ് സ്വാഗതവും ജോ.സെക്രട്ടറി അനിൽ വർമ്മ നന്ദിയും പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# തൊഴിൽ മേള: അഭിമുഖം 14 ന്

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ 330 ഒഴിവുകളിലേക്ക് മൂവാറ്റുപുഴ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മോഡൽ കരിയർ സെന്റർ, ആഗസ്റ്റ് 14 ന് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

ഹാളിൽ അഭിമുഖം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്, പ്ലസ്ടു, ഏതെങ്കിലും ഐടിഐ അല്ലെങ്കിൽ ഡിപ്ലോമ, ഐടിഐ / ഡിപ്ലോമ ഇലക്ട്രോണിക്സ് /ഇലക്ട്രിക്കൽ, ഏതെങ്കിലും ബിരുദം എന്നീ യോഗ്യതയുള്ളവർക്കു പങ്കെടുക്കാം. ഇതു കൂടാതെ ഗാർമെന്റ്സ് കമ്പനിയിലേക്ക് ടെയ്‌ലർ, കട്ടർ എന്നീ ഒഴിവുകളിലേക്കും ഉദ്യോഗാർഥികളെ ആവശ്യമുണ്ട്. മേൽ പറഞ്ഞ മേഖലയിൽ 6 മാസം മുതൽ രണ്ടുവർഷം വരെ പ്രവർത്തി പരിചയം വേണം. താല്പര്യമുള്ളവർ 14ന് നേരിട്ട് മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്ത് ഹാളിൽ ബയോഡാറ്റ അല്ലെങ്കിൽ റെസ്യൂമെ സഹിതം ഹാജരാവുക. പ്രായപരിധി : 1840 ( പരവാവധി ) സമയം : രാവിലെ 10 മുതൽ 03 വരെ സംശയങ്ങൾക്കു: contactmvpamcc@gmail.com എന്ന മെയിൽ ഐഡിയിൽ അയക്കുമ്പോൾ, തൊഴിൽ മേള സംബന്ധിച്ചുള്ള വിവരങ്ങൾ ഓട്ടോമാറ്റിക് റിപ്ലൈ ആയി വരുന്നതാണ്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പ്രവേശനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ ആൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (എറണാകുളം), പെൺകുട്ടികളുടെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ എറണാകുളം, ആലുവ എന്നിവിടങ്ങളിലേക്കുള്ള പട്ടികജാതി/പട്ടികവർഗ/മറ്റർഹ/ജനറൽ വിഭാഗം ഒഴിവുകളിലേക്ക് 202425 വർഷം പ്രവേശനത്തിനായി ഇഗ്രാന്റ്സ് ആനുകൂല്യം ലഭിക്കുന്ന പോസ്റ്റ് മെട്രിക്/വകുപ്പിന്റെ പരിശീലന കോഴ്സുകൾക്ക് പഠിക്കുന്നവരോ ആയ വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ (പഠിക്കുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പൽ മേലൊപ്പ് വെച്ച്) ജാതി, വരുമാനം, നേറ്റിവിറ്റി, സ്വഭാവ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സ്ഥാപനത്തിൽ ഹോസ്റ്റൽ സൗകര്യം ലഭ്യമാണെങ്കിൽ ഈ ഹോസ്റ്റലിൽ പ്രവേശനം ലഭിച്ചില്ലെന്ന സാക്ഷ്യപത്രം സഹിതം ഓഗസ്റ്റ് 19 ന് മുൻപായി ബന്ധപ്പെട്ട ഹോസ്റ്റലുകളിലെ റസിഡന്റ് ട്യൂട്ടർമാർക്കോ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കോ സമർപ്പിക്കുക.

വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും എറണാകുളം ഫോർഷോർ റോഡിലുള്ള ആൺകുട്ടികളുടെ ഹോസ്റ്റൽ, ഗവ. പ്രസ് റോഡിലുള്ള (ജില്ലാ കോടതി സമുച്ചയത്തിന് സമീപം) പെൺകുട്ടികളുടെ ഹോസ്റ്റൽ, ആലുവ യുസി കോളേജിന് സമീപമുള്ള പെൺകുട്ടികളുടെ ഹോസ്റ്റൽ, എറണാകുളം ജില്ലാ പട്ടികജാതി വികസന ഫീസ് എന്നിവിടങ്ങളിൽ ബന്ധപ്പെടുക. ഫോൺ0484 2422256.

## അക്ഷയ സംരംഭകരുടെ റാങ്ക് ലിസ്റ്റ്

**കൊച്ചി:** എറണാകുളം ജില്ലയിലെ അക്ഷയ സംരംഭക തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അഭിമുഖം പൂർത്തീകരിക്കുകയും താത്കാലിക റാങ്ക് ലിസ്റ്റ് കളക്ടറേറ്റ്, അക്ഷയ ജില്ലാ പ്രൊജക്ട് ഓഫീസ്, എറണാകുളം ജില്ലാ വെബ് സൈറ്റ്, ജില്ലാ പഞ്ചായത്ത് കാര്യാലയം, അതത് നഗരസഭാ കാര്യാലയം, അതത് ഗ്രാമപഞ്ചായത്ത് കാര്യാലയം എന്നിവിടങ്ങളിൽ പ്രദ4ശിപ്പിച്ചിട്ടുണ്ട്. അപേക്ഷകർക്ക് താത്കാലിക റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതും ആക്ഷേപം ഉണ്ടെങ്കിൽ ഏഴ് ദിവസത്തിനകം ജില്ലാ കളക്ടർമുമ്പാകെ സമർപ്പിക്കാവുന്നതുമാണ്. അപ്പീലുകൾ തീർപ്പാക്കിയ ശേഷം അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

## നോർക്ക കനറാ ബാങ്ക് പ്രവാസി ബിസിനസ് ലോൺ ക്യാമ്പ്; 3.72 കോടിയുടെ വായ്പകൾക്ക് ശുപാർശ

**തിരുവനന്തപുരം:** ജില്ലയിലെ പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സും കനറാ ബാങ്കും സംയുക്തമായി സംഘടിപ്പിച്ച ബിസിനസ് ലോൺ ക്യാമ്പിൽ 3.72 കോടിയുടെ വായ്പകൾക്ക് ശുപാർശ നൽകി. പാളയം ഹസ്സൻ മരക്കാർ ഹാളിൽ (വിവേകാനന്ദ കൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ട്) സംഘടിപ്പിച്ച ക്യാമ്പിൽ 117 പ്രവാസി സംരംഭകരാണ് പങ്കെടുത്തത്. ഇവരിൽ 60 പേരുടെ പദ്ധതികൾക്കാണ് വായ്പകൾ ലഭ്യമാകുക. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന നോർക്ക ഡിപ്പാർട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം പദ്ധതി പ്രകാരമായിരുന്നു ക്യാമ്പ്. രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസി കേരളീയർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും സഹായിക്കുന്നതാണ് പദ്ധതി.

# വിഴിഞ്ഞം ഫിഷിങ് ഹാർബർ പുതുക്കൽ: കേന്ദ്ര അനുമതി വൈകുന്നു

**തിരുവനന്തപുരം:** വിഴിഞ്ഞത്തെ ഫിഷിങ് ഹാർബർ പുതുക്കുന്നതിനുള്ള 73 കോടി രൂപയുടെ പദ്ധതിക്കു കേന്ദ്രസർക്കാരിന്റെ അനുമതി വൈകുന്നു. 48 കോടിയുടെ വിഴിഞ്ഞം ഹാർബർ മാസ്റ്റർ പ്ലാൻ, 25 കോടിയുടെ വിഴിഞ്ഞം ഫിഷ്!ലാൻഡിങ് സെന്റർ എന്നീ പദ്ധതികളാണു പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനയിൽ ഉൾപ്പെടുത്താനായി സംസ്ഥാനം സമർപ്പിച്ചിരുന്നത്. പുതിയ സർക്കാർ അധികാരത്തിൽ വന്ന പശ്ചാത്തലത്തിൽ, ലോക്സഭാ തിരഞ്ഞെടുപ്പിനു മുൻപു സമർപ്പിച്ച പദ്ധതികൾക്ക് അനുമതി തേടി സംസ്ഥാനം വീണ്ടും കേന്ദ്രത്തെ സമീപിക്കും. പദ്ധതിക്കു സംസ്ഥാന വിഹിതവും മുടക്കേണ്ടി വരും.രാജ്യാന്തര തുറമുഖത്തിന്റെ നിർമാണക്കരാറിലുണ്ടായിരുന്ന ഫിഷിങ് ഹാർബർ പദ്ധതിയും മുന്നോട്ടു പോയിട്ടില്ല.

ഹാർബർ നിർമാണത്തിനു 140 കോടി രൂപയും പുലിമുട്ട് നിർമാണത്തിന് 140 കോടിയും ഉൾപ്പെടെ 280 കോടി രൂപ ചെലവു വരുന്നതാണു പദ്ധതി. ഏതാണ്ട് 270 മീറ്റർ പുതിയ പുലിമുട്ടു നിർമിക്കേണ്ടി വരുമെന്നാണു കണക്കാക്കുന്നത്. പൂർണമായും സംസ്ഥാന സർക്കാരാണു പദ്ധതിക്കുള്ള തുക കണ്ടെത്തേണ്ടത്.തുറമുഖ നിർമാണക്കരാർ പ്രകാരം വിഴിഞ്ഞം രാജ്യാന്തര തുറമുഖ കമ്പനി (വിസിൽ) 70 കോടി രൂപ പദ്ധതിക്കായി മുടക്കേണ്ടി വരും. പഴയ ഹാർബറിനും രാജ്യാന്തര തുറമുഖത്തിന്റെ മുൻഭാഗത്തിനും ഇടയിലാണ് ഇതിനായി സ്ഥലം കണ്ടെത്തിയിരുന്നത്.

മത്സ്യത്തൊഴിലാളികൾക്കു പദ്ധതി മനസ്സിലാക്കുന്നതിനായി പുണെയിലെ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച് സ്റ്റേഷനിൽ (സിഡബ്ല്യുപിആർഎസ്) അവരുടെ പ്രതിനിധികളെ സർക്കാർ അയച്ചിരുന്നു.

ഇനി ചർച്ചകൾ നടക്കേണ്ടതുണ്ട്. സിഡബ്ല്യുപിആർഎസ് ആവും രൂപരേഖ തയാറാക്കുക. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പണം കണ്ടെത്തുക വലിയ വെല്ലുവിളിയാകും.

രണ്ടു ഫിഷിങ് ഹാർബറുകൾ അടുത്തടുത്തു വരുന്നുവെന്ന പ്രത്യേകതയുണ്ട്. രണ്ടും സാധ്യമായാൽ ഇവയുടെ പ്രവർത്തനം സംയോജിപ്പിക്കാനാകും.

# കാർഷികോത്സവം സെപ്റ്റംബർ 7 മുതൽ 13 വരെ

**കളമശേരി:** കൃഷിക്കൊപ്പം കളമശേരി പദ്ധതിയുടെ ഭാഗമായുള്ള കാർഷികോത്സവം സെപ്റ്റംബർ ഏഴു മുതൽ 13 വരെ സംഘടിപ്പിക്കുമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. ഇടപ്പള്ളി പത്തടിപ്പാലം റസ്റ്റ് ഹൗസിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഈ വ4ഷം കലാപരിപാടികളും ഘോഷയാത്രയും ഒഴിവാക്കിയാകും കാർഷികോത്സവം സംഘടിപ്പിക്കുക.

കർഷകരുടെ ഉത്പന്നങ്ങൾ, സഹകരണ ബാങ്കുകളുടെ മൂല്യാധിഷ്ഠിത ഉത്പന്നങ്ങൾ ഇവയെല്ലാം പരമാവധി വിറ്റഴിക്കേണ്ടത് കർഷകരെ സഹായിക്കാൻ ആവശ്യമായതിനാൽ പ്രദർശനവും വിപണനവും സംഘടിപ്പിക്കും. മറ്റ് ആഘോഷ പരിപാടികൾ പൂർണമായി ഒഴിവാക്കുകയാണ്. കളമശേരി ചാക്കോളാസ് പവലിയന്റെ എതിർഭാഗത്തുള്ള മൈതാനത്തായിരിക്കും പരിപാടി സംഘടിപ്പിക്കുക' മന്ത്രി പറഞ്ഞു.കാർഷികോത്സവത്തിന്റെ



ഭാഗമായുള്ള സെമിനാറുകൾ ആരംഭിച്ചു. ഇത്തവണ ഓരോ മേഖലയിലും പ്രാധാന്യമുള്ള കർഷകരുടെ സംഗമം എന്ന നിലയിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കൂവകൃഷി മേഖലയിൽ കൂവ കർഷകരുടെ സംഗമം, കൂട് കൃഷി മേഖലയിൽ കൂട് കൃഷി ചെയ്യുന്നവരുടെ സംഗമം, കരുമാല്ലൂരിൽ നെല്ല്, ആലങ്ങാട് കരിമ്പ് എന്ന വിധത്തിൽ 20 മേഖലകളിലായാണ് സെമിനാറുകൾ സംഘടിപ്പിക്കുന്നത്. ഓഗസ്റ്റ് 11ന് നടക്കുന്ന യുവകർഷക സംഗമത്തിൽ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പങ്കെടുക്കും. 13ന് മന്ത്രി വി.എൻ. വാസവൻ പങ്കെടുക്കുന്ന സഹകരണ സംഗമം നടക്കും. ചെറുധാന്യ കർഷക സംഗമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്യും. മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥും സെമിനാറിൽ പങ്കെടുക്കും. കൃഷിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ സംഗമത്തിൽ ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷ് പങ്കെടുക്കും. 22 ന് നടക്കുന്ന സെമിനാറിൽ മന്ത്രി കെ.കൃഷ്ണൻ കുട്ടിയും 23 ന് നടക്കുന്ന ക്ഷീരകർഷക സംഗമത്തിൽ മന്ത്രി ചിഞ്ചുറാണിയും പങ്കെടുക്കും. 23 ന് നടക്കുന്ന കുട്ടികർഷക സംഗമത്തിൽ മന്ത്രി ശിവൻകുട്ടി പങ്കെടുക്കും. മത്സ്യകർഷക സംഗമത്തിൽ മന്ത്രി സജി ചെറിയാൻ പങ്കെടുക്കും. 26 ന് നടക്കുന്ന ത്രിതല പഞ്ചായത്ത് സംഗമത്തിൽ എം.ബി. രാജേഷ് പങ്കെടുക്കും.

# പകർച്ചവ്യാധി വ്യാപനം തടയാൻ മുൻകരുതൽ വേണം: മന്ത്രി

**തിരുവനന്തപുരം:** ദുരിതാശ്വാസ ക്യാമ്പുകളിൽ പകർച്ചവ്യാധി വ്യാപനം തടയാൻ മുൻകരുതൽ വേണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ്. മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിനെ തുടർന്ന് കൽപറ്റ ജനറൽ ആശുപത്രി ഡി.ഇ.ഐ.സി ഹാളിൽ നടന്ന ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.ക്യാമ്പുകളിൽ പനി ബാധിച്ചവരെ പ്രത്യേകം നിരീക്ഷിക്കണം. എച്ച്1എൻ1, എലിപ്പനി എന്നിവയ്ക്കെതിരെ ജാഗ്രത വേണം. ലക്ഷണം കണ്ടാലുടൻ ചികിത്സ ആരംഭിക്കണം. ജലദോഷമില്ലാത്ത പനി ശ്രദ്ധയിൽപ്പെട്ടാൽ എലിപ്പനിക്ക് ചികിത്സ തേടണം. അടുത്ത രണ്ടാഴ്ചയിൽ എലിപ്പനി വ്യാപനത്തിനെതിരെ ജാഗ്രതയും പ്രതിരോധവും ശക്തമാക്കണം. ക്യാമ്പുകളിൽ മാസ്ക് നിർബന്ധമാക്കണം.

ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂമിൽ കഴിഞ്ഞ ആറ് ദിവസമായി കോളുകൾ വന്നിട്ടില്ല. ഈ സാഹചര്യത്തിൽ കൺട്രോൾ റൂം ടെലിമാനസുമായി ചേർന്ന് പ്രവർത്തിക്കും. ആരോഗ്യ, ആയുർവേദ, ഹോമിയോ വകുപ്പുകളും ജില്ലാ വനിതാ ശിശുസംരക്ഷണ ഓഫീസും ശേഖരിച്ച മാനസികാരോഗ്യ പിന്തുണ നൽകുന്നതിനാവശ്യമായ വിവരങ്ങൾ ക്രോഡീകരിക്കും. ചികിത്സ ആവശ്യമായി വരുന്നവരുടെ കൂടി താത്പര്യം പരിഗണിച്ച് ചികിത്സാരീതി തീരുമാനിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മത്സ്യഗവേഷണ കേന്ദ്രത്തിൽ വറ്റ കൃത്രിമ പ്രജനനം വിജയകരം

**വിഴിഞ്ഞം:** കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രത്തിന്റെ (സിഎംഎഫ്ആർഐ) വിഴിഞ്ഞം പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ വറ്റ (വേളാപ്പാര) മത്സ്യങ്ങളുടെ കൃത്രിമ പ്രജനനം വിജയകരം. രാജ്യത്ത് ആദ്യമായാണ് ഈ നേട്ടമെന്ന് ഗവേഷകർ പറഞ്ഞു. നീണ്ടകരയിൽ നിന്ന് 3 വർഷം മുൻപ് ശേഖരിച്ച് കായലിലെ കൂടുകളിൽ വളർത്തിയ വറ്റ മത്സ്യങ്ങൾ വിഴിഞ്ഞം കേന്ദ്രത്തിലെ ഹാച്ചറിയിൽ എത്തിച്ചാണ് കൃത്രിമ പ്രജനനം നടത്തി വിജയിപ്പിച്ചത്.



ആൺ പെൺ മത്സ്യങ്ങളെ തിരിച്ചറിഞ്ഞു ഹോർമോൺ കുത്തിവച്ചാണ് ഫലമുണ്ടാക്കിയതെന്ന് ഗവേഷകർ പറഞ്ഞു.ഓരോ മത്സ്യവും 2 മുതൽ 4 ലക്ഷം വരെ മുട്ടകൾ ഉൽപാദിപ്പിച്ചു. രണ്ടാം ദിനം മുതൽ വിരിഞ്ഞു തുടങ്ങിയ മുട്ടകളിൽ നിന്നുള്ള കുഞ്ഞുങ്ങളെ വളർച്ചയുടെ ഓരോ ഘട്ടത്തിലെയും പരിപാലനവും തീറ്റ നൽകലുമായിരുന്നു വെല്ലുവിളിയെന്നും ആഴ്ചകളോളം നീണ്ട നിരീക്ഷണങ്ങൾക്കൊടുവിൽ ഇതിലും വിജയം കണ്ടെന്നും അധികൃതർ അറിയിച്ചു.

വിരിഞ്ഞതിൽ 10% ആണ് അതിജീവിച്ചതെങ്കിലും ആദ്യ ഉദ്യമമെന്ന നിലയിൽ ഇതു മികച്ച നേട്ടമാണെന്നാണ് വിലയിരുത്തൽ. വിഴിഞ്ഞം കേന്ദ്രം മേധാവി ഡോ.ബി.സന്തോഷ്, ഡോ.അംബരീഷ് പി.ഗോപ്, ഡോ.എം.ശക്തിവേൽ എന്നിവരുൾപ്പെട്ട സംഘമാണ് നേട്ടത്തിന് പിന്നിൽ. കരാൻഗിഡേ എന്ന മത്സ്യ കുടുംബത്തിൽ പെടുന്നതാണ് ജയന്റ് ട്രവലി എന്ന് പൊതുവിൽ അറിയുന്ന വറ്റ മത്സ്യങ്ങൾ. പരമാവധി 70 കിലോഗ്രാം വരെ വളർച്ചയുള്ള ഇവയുടെ വളർച്ച നിരക്ക് മറ്റു പല മത്സ്യങ്ങളെ അപേക്ഷിച്ചു മുന്നിലാണ്.

# സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

**കൊച്ചി:** തേവര സെന്റ് ജോസഫ് പള്ളിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ലൂർദ് ആശുപത്രിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം ടി ജെ വിനോദ് എം എൽ എ നിർവഹിച്ചു. വികാരി ഫാ. ജൂഡിസ് പനക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ.പാക്സൻ ഫ്രാൻസിസ് പള്ളിപ്പറമ്പിൽ, ലൂർദ് ആശുപത്രി ലെയ്സൻ മാനേജർ സജി ജോബ്, ഡോ. ഹംനാസ് മുഹമ്മദ്, ജൂഡ്സൺ സിക്കേര, ഒ പി ബെന്നി എന്നിവർ പ്രസംഗിച്ചു. സൗജന്യ മെഡിക്കൽ ക്യാമ്പിൽ ഗൈനക്കോളജി, ഇഎൻറ്റി, ഓർത്തോ, ഫാമിലി മെഡിസിൻ, ജനറൽ മെഡിസിൻ, ഡയറ്റ് കൗൺസിലിംഗ്, പിഎഫ്റ്റി ശ്വാസകോശ പ്രവർത്തനക്ഷമത നിർണയം, ബിഎംഡി അസ്ഥിബലക്ഷയ നിർണയം എന്നിവയിൽ നൂറുകണക്കിന് ആളുകളുടെ രോഗ പരിശോധന നടത്തി.



# ഗുരുവായൂർ വികസന പദ്ധതികൾ: സ്ഥലം ഏറ്റെടുക്കൽ വേഗത്തിൽ

**ഗുരുവായൂർ :** ക്ഷേത്ര സൗകര്യങ്ങളുടെയും പരിസരപ്രദേശങ്ങളുടെയും സമഗ്രവികസനത്തിന്റെ ഭാഗമായി ക്ഷേത്രത്തിനു ചുറ്റും 100 മീറ്റർ ചുറ്റളവിൽ 6.915 ഏക്കർ (2.812 ഹെക്ടർ) സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ അതിവേഗം പുരോഗമിക്കുന്നു. ഫോർ വൺ നോട്ടിഫിക്കേഷൻ നടപടികളുടെ ഭാഗമായി കോട്ടയം ആസ്ഥാനമായുള്ള സന്നദ്ധ സംഘടന കേരള വൊളന്ററി ഹെൽത്ത് സർവീസസ് (കെവിഎച്ച്എസ്) സാമൂഹികാഘാത പഠനം തുടങ്ങി. ഇതിനകം സ്ഥലം ഉടമകളെ കണ്ടു വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്.

വൻതുക നഷ്ടപരിഹാരമായി ലഭിക്കുന്നതിനാൽ ഉടമകൾ ഏറെയും സ്ഥലം ഏറ്റെടുക്കുന്നതിനെ അനുകൂലിക്കുന്നുവെന്നാണു വിവരം.ഉടൻ സ്ഥലമുടമകളുടെയും ബന്ധപ്പെട്ടവരുടെയും യോഗം ചേരും. തുടർന്ന് അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകും. പ്രാരംഭ ചെലവിനു ഗുരുവായൂർ ദേവസ്വം 50 ലക്ഷം രൂപ റവന്യു ലാൻഡ് അകിസിഷൻ വിഭാഗത്തിനു കൈമാറി. ഇതോടൊപ്പം ഒന്നാം ഘട്ടമായി നൽകാൻ 10 കോടി രൂപയും നീക്കി വച്ചു. 200 കോടി രൂപ ചെലവഴിക്കാൻ ദേവസ്വം കമ്മിഷണറുടെ അനുമതിയും തേടിയിട്ടുണ്ട്.

നഗരസഭയുടെ സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാനിലും ക്ഷേത്ര പരിസരത്തു ഭക്തജന സൗകര്യം കൂടുതലായി പരിഗണിച്ചുള്ള വികസന പ്രവർത്തനങ്ങൾക്കാണു മുൻഗണന നൽകുന്നത്. മാസ്റ്റർപ്ലാൻ കഴിഞ്ഞ ദിവസം പുറത്തിറക്കിയിരുന്നു. ക്ഷേത്രത്തിനു ചുറ്റും ഇന്നർ റിങ് റോഡിന്റെ ഉൾഭാഗം 'ടെംപിൾ കോർ ഏരിയ' ആയിരിക്കും. സ്വകാര്യ വ്യക്തികൾക്ക് ഇവിടെ സ്ഥല വിനിയോഗം കഴിയില്ല. സുരക്ഷാ കാരണങ്ങളാൽ നിശ്ചിത പരിധിയിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങളും അനുവദിക്കില്ല. ഔട്ടർ റിങ് റോഡ് വരെയുള്ള ഭാഗം 'പിൽഗ്രിം ആക്ടിവിറ്റി സോൺ' ആയി തീർഥാടക ക്ഷേമ പദ്ധതികൾക്കും വിനിയോഗിക്കും.

ക്ഷേത്രത്തിൽ ഓരോ ദിവസവും ഭക്തജനത്തിരക്കു വൻതോതിൽ കൂടിവരികയാണ്. ഇതിനകം ദർശനസമയം പരമാവധി വർധിപ്പിച്ചു കഴിഞ്ഞു.

## കുസാറ്റ്: ബി.ടെക്ക് (ലാറ്ററൽ എൻട്രി) പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ബി.ടെക്ക് (ലാറ്ററൽ എൻട്രി) പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 14 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എസ്.സി/എസ്.ടി വിഭാഗത്തിലേക്കുള്ള സ്പോട്ട് അഡ്മിഷനും ഇതോടൊപ്പം നടക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റ് സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. രജിസ്ട്രേഷൻ സമയം രാവിലെ 10.30 മുതൽ 11.00 വരെ. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 04842577100 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശലയിലെ ഡി.ഡി.യു കൗശൽ കേന്ദ്രയിലെ എം.വോക്ക് ഇൻ കൺസൾട്ടൻസി മാനേജ്മെൻറ്, എം.വോക്ക് ഇൻ സോഫ്റ്റവെയർ ആപ്ലിക്കേഷൻ ഡെവലപ്മെൻറ്, ബി.വോക്ക് ഇൻ ബിസ്നസ്സ് പ്രോസസ്സ് ആൻഡ് ഡാറ്റാ അനലിറ്റ്ക്സ് എന്ന പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 14 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഇല്ലാത്തവർക്കും പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9:30 ന് മുമ്പ് തൃക്കാക്കര ക്യാമ്പസിലുള്ള കൗശൽ കേന്ദ്രയിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in , www.kaushalkendra.cusat.ac.in എന്ന വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 9446655362 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

## ബി.ടെക്ക് പ്രോഗ്രാമുകളിൽ റിയൽ ടൈം അലോട്ട്മെൻറ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ബി.ടെക്ക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 14,16,19,21,22,23 തീയതികളിൽ റിയൽ ടൈം അലോട്ട്മെൻറ് നടത്തുന്നു. കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഓപ്ഷൻ രജിസ്റ്റർ ഓപ്ഷൻ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അപേക്ഷകർക്ക് അവരുടെ ക്യാറ്റ് റാങ്കിൻറെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്ന ദിവസം റിയൽ ടൈം അലോട്ട്മെൻറിൽ നേരിട്ട് വന്ന് രജിസ്റ്റർ ചെയ്യേണ്ടതാണ്.

നിലവിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകർ നേരിട്ട് ഹാജരാകേണ്ടതില്ല.നിലവിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകർ അവരുടെ ഹയർ ഓപ്ഷൻ ആഗസ്റ്റ് 9 വരെ ക്യാൻസൽ ചെയ്യാം.

താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റ് സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ടെക്നിക്കൽ അസിസ്റ്റൻറ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വകുപ്പിൽ ടെക്നിക്കൽ അസിസ്റ്റൻറ് ഗ്രേഡ് ഒഴിവിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്/ഇൻഫർമേഷൻ ടെക്നോളജിയിൽ ബിരുദാനന്തര ബിരുദം, 2 വർഷ പ്രവർത്തിപരിചയം ഉള്ളവർക്ക് അപേക്ഷിക്കാം.

ഓൺലൈൻ അപേക്ഷ ഫോമും യോഗ്യത സംബന്ധിച്ച വിവരങ്ങളും www.recruit.cusat.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 31. അപേക്ഷയുടെ ഹാർഡ് കോപ്പിയും യോഗ്യത സംബന്ധിച്ച മറ്റു വിവരങ്ങൾ അടങ്ങിയ രേഖകളും, രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റിവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി682 022 എന്ന വിലാസത്തിൽ, സെപ്റ്റംബർ 7 നുള്ളിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക്, 0484 2576253എന്ന നമ്പറിൽ ബന്ധപ്പെടുക.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേരള ക്രിക്കറ്റ് ലീഗ്:മികച്ച കളിക്കാരെ സ്വന്തമാക്കി ആലപ്പി റിപ്പിൾസ്

**തിരുവനന്തപുരം:** കേരള ക്രിക്കറ്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന പ്രഥമ കേരള ക്രിക്കറ്റ് ലീഗിനു മുന്നോടിയായുള്ള കളിക്കാരുടെ ലേലം പൂർത്തിയായി.

മികച്ച മുൻനിര താരങ്ങളെ സ്വന്തമാക്കാൻ എല്ലാ ടീമുകളും ശ്രമിച്ചപ്പോൾ വാശിയേറിയ ലേലത്തിനാണ് തിരുവനന്തപുരം ഹയാത്ത് റീജൻസി സാക്ഷ്യം വഹിച്ചത്. അക്ഷയ് ചന്ദ്രൻ, കൃഷ്ണ പ്രസാദ്, വിനൂപ് മനോഹരൻ എന്നിവരെ സ്വന്തമാക്കി ആലപ്പി റിപ്പിൾസ് ശക്തമായ സ്ക്വാഡിനെ തന്നെയാണ് ഒരിക്കിയിരിക്കുന്നത്. നേരത്തെ, ഐ. പി. എൽ താരമായ മുഹമ്മദ് അസ്ഹറുദ്ദിനെ ടീമിന്റെ ഐക്കൺ താരമായി പ്രഖ്യാപിച്ചിരുന്നു. 6.2 ലക്ഷം രൂപക്ക് സ്വന്തമാക്കിയ ബാറ്റർ കൃഷ്ണ പ്രസാദിനാണ് റിപ്പിൾസ് ഏറ്റവും കൂടുതൽ പണം ചെലവിട്ടത്. അക്ഷയ് ചന്ദ്രൻ (5 ലക്ഷം), വിനൂപ് മനോഹരൻ (3.2 ലക്ഷം), ഫനൂസ് ഫൈസ് (3 ലക്ഷം), വിശ്വേശ്വർ സുരേഷ് (2.4 ലക്ഷം), അനന്ദ് ജോസഫ് (2 ലക്ഷം), രോഹൻ നായർ (2.2 ലക്ഷം), നീൽ സണ്ണി (2.2 ലക്ഷം), ആസിഫ് അലി (1 ലക്ഷം), അൽഫി ഫ്രാൻസിസ് ജോൺ (1 ലക്ഷം), അക്ഷയ് ശിവ് (0.5 ലക്ഷം), ഉജ്ജ്വൽ കൃഷ്ണ (0.55 ലക്ഷം), വൈശാഖ് ചന്ദ്രൻ (0.5 ലക്ഷം), വിഘ്നേഷ് പുത്തൂർ (0.75 ലക്ഷം), അതുൽ സൗരി (0.5 ലക്ഷം), അഫ്രാദ് റിഷബ് (0.5 ലക്ഷം), അക്ഷയ് ടികെ (1.1 ലക്ഷം), കിരൺ സാഗർ (1 ലക്ഷം), പ്രസൂൺ പി (0.7 ലക്ഷം) എന്നിവരാണ് റിപ്പിൾസ് ടീമിലെ മറ്റു കളിക്കാർ.

പ്രമുഖ ഗൾഫ് വ്യവസായി ടി. എസ്. കലാധരന്റെ നേതൃത്വത്തിലുള്ള കൺസോൾ ഷിപ്പിങ് സർവീസസിന് പുറമെ റാഫെൽ തോമസ്, നിജി ഇസ്മയിൽ, ഷൈബു മാത്യു എന്നിവരാണ് ടീമിന്റെ ഉടമസ്ഥർ. മുൻ ഐ. പി. എൽ ഫാസ്റ്റ് ബൗളർ പ്രശാന്ത് പരമേശ്വരനാണ് ആലപ്പി റിപ്പിൾസിന്റെ ഹെഡ് കോച്ച്.

# മുത്തൂറ്റ് മൈക്രോഫിൻ ആസ്തികൾ 12,210 കോടി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എൻബിഎഫ്സി മൈക്രോഫിനാൻസ് സ്ഥാപനമായ മുത്തൂറ്റ് മൈക്രോഫിൻ കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ വാർഷികാടിസ്ഥാനത്തിൽ 21.6 ശതമാനം വർധനവോടെ 12,210 കോടി രൂപയിലെത്തി. ത്രൈമാസത്തിലെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 18.3 ശതമാനം വർധനവോടെ 113 കോടി രൂപയിലും എത്തി.

കമ്പനിയുടെ ആകെ വരുമാനം വാർഷികാടിസ്ഥാനത്തിൽ 33.5 ശതമാനം വർധനവോടെ 641 കോടി രൂപയിലെത്തി. നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസം വെല്ലുവിളികളുടേതായിരുന്നു എങ്കിലും വളർച്ച നിലനിർത്താനായെന്ന് മുത്തൂറ്റ് മൈക്രോഫിൻ മാനേജിങ് ഡയറക്ടർ തോമസ് മുത്തൂറ്റ് പറഞ്ഞു. ഉപഭോക്താക്കളെ കൂട്ടിച്ചേർത്തും ബ്രാഞ്ചുകളുടെ ശൃംഖല വിപുലീകരിച്ചും തുടർച്ചയായ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു തുടരുകയായിരുന്നു. ഗുണമേൻമയുള്ള ആസ്തികളും സുസ്ഥിരമായ അറ്റ പലിശ മാർജിനും വളർച്ചാ പദ്ധതികൾ മികച്ച ആത്മവിശ്വാസത്തോടെ നടപ്പാക്കാൻ തങ്ങൾക്ക് സഹായകരമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. തെരഞ്ഞെടുപ്പ്, ഉഷ്ണതരംഗം, മറ്റ് കാലിക ഘടകങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലും കൈകാര്യം ചെയ്യുന്ന ആസ്തികളുടെ കാര്യത്തിൽ ശക്തമായി മുന്നേറാനായി എന്ന് മുത്തൂറ്റ് മൈക്രോഫിൻ സിഇഒ സദാഫ് സയീദ് പറഞ്ഞു.

# തദ്ദേശ സ്ഥാപന തലങ്ങളിലെ പരാതികൾ തീർപ്പാക്കാൻ ജില്ലാ തദ്ദേശ അദാലത്ത് 16, 17 തീയതികളിൽ

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ മൂന്നാം വാർഷികത്തിന്റെ ഭാഗമായുള്ള നാലാം നൂറു ദിന പരിപാടി 2024 ന്റെ ഭാഗമായി മന്ത്രി എം.ബി രാജേഷിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലാ തദ്ദേശ അദാലത്ത് (പഞ്ചായത്ത്, നഗരസഭാ തലം) ഓഗസ്റ്റ് 16 നും കൊച്ചി കോർപ്പറേഷൻ തല അദാലത്ത് ഓഗസ്റ്റ് 17 നും നടക്കും. രാവിലെ 8.30 മുതൽ എറണാകുളം നോർത്ത് ടൗൺഹാളിലാണ് രണ്ട് അദാലത്തുകളും നടക്കുന്നത്.

പൊതുജനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകിയതും സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ പരാതികളും പുതിയ പരാതികളും അദാലത്തിൽ ഉന്നയിച്ച് പരിഹാരം കാണാം. കൂടാതെ അദാലത്തിലേക്കുള്ള അപേക്ഷ അദാലത്ത് തീയതിക്ക് അഞ്ച് ദിവസം മുൻപ് വരെ www.adalat.lsgkerala.gov.in എന്ന വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

തദ്ദേശ സ്ഥാപനങ്ങളിൽ അപേക്ഷ നൽകിയിട്ടും സമയപരിധിക്കകം സേവനം ലഭിക്കാത്ത വിഷയങ്ങളുമായി ബന്ധപ്പെട്ട പരാതികൾ, മന്ത്രിക്ക് ലഭിച്ച നിവേദനങ്ങൾ, സ്ഥിരം അദാലത്ത് സമിതി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഓഫീസുകൾ എന്നിവയിൽ തീർപ്പാക്കാത്ത പരാതികളും നിവേദനങ്ങളും തുടങ്ങിയവയും അദാലത്തിൽ പരിഗണിക്കും.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പുതിയ പരാതികൾ/നിർദേശങ്ങൾ എന്നിവയും പരിഗണിക്കും. ലൈഫ് പുതിയ അപേക്ഷകൾ, അതിദാരിദ്ര്യം പുതിയ അപേക്ഷകൾ, ജീവനക്കാരുടെ സർവീസ് വിഷയങ്ങൾ എന്നിവ പരിഗണിക്കില്ല.

# മൂവാറ്റുപുഴ നിർമ്മല കോളേജിന് ഹരിതകേരളം മിഷന്റെ ഗ്രീൻ ക്യാമ്പസ് പദവി



**കൊച്ചി:** മൂവാറ്റുപുഴ നിർമ്മല കോളേജിനെ ഹരിതകേരളം മിഷൻ ഗ്രീൻ ക്യാമ്പസ് ആയി പ്രഖ്യാപിച്ചു. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ ഗ്രീൻ ക്യാമ്പസ് പരിശോധനയിൽ കോളേജിന് എല്ലാ വിഭാഗത്തിലും എ പ്ലസ് ഗ്രേഡ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രീൻ ക്യാമ്പസ് സർട്ടിഫിക്കറ്റ് നൽകിയത്.ജല സംരക്ഷണം, മാലിന്യ പരിപാലനം, കൃഷി, ജൈവവൈവിധ്യം, ഊർജ്ജ സംരക്ഷണം എന്നീ വിഭാഗങ്ങളിലാണ് പരിശോധന നടത്തിയത്. എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിലാണ് കോളേജ് സ്ഥിതി ചെയ്യുന്നത്.

എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉത്ഘാടനം ചെയ്ത ചടങ്ങിൽ എറണാകുളം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഗ്രീൻ ക്യാമ്പസ് സർട്ടിഫിക്കറ്റ് കോളേജ് മാനേജ്മെന്റിനു കൈമാറി.

നിർമ്മല കോളേജ് മാനേജർ റവ. മോൺ. ഡോ. പയസ് മലേകണ്ടത്തിൽ അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൾ റവ. ഡോ.ഫ്രാൻസിസ് കണ്ണാടൻ, കോളേജ് ബ്രൂസർ റവ. ഫാ. പോൾ കളത്തൂർ,ശുചിത്വ മിഷൻ എറണാകുളം ജില്ലാ കോർഡിനേറ്റർ നിഫി എസ് ഹക്ക്, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ശുചിത്വ മാലിന്യ സംസ്ക്ക രണം,ജല സംരക്ഷണം, കൃഷി, ജൈവ വൈവിധ്യം, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളിൽ മികവുറ്റ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ നൽകി വരുന്ന പദവിയാണ് ഗ്രീൻ ക്യാമ്പസ് സർട്ടിഫിക്കറ്റ്.

ബയോഗ്യാസ് പ്ലാന്റ്, മാലിന്യ സംസ്കാരണ ഉപാധികൾ, ജലസംരക്ഷണ പ്രവർത്തനങ്ങൾ,ജൈവ വൈവിദ്ധ്യ പ്രവർത്തനങ്ങൾ,കൃഷി എന്നീ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കോളേജിൽ നടന്നു വരുന്നത്.

